

THURSDAY 20/02/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA


Chief Editor: Suresh A R Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 20/02/2025

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പും പോഷക സമൃദ്ധി മിഷനും സംയുക്തമായി സംസ്ഥാനതല പരമ്പരാഗത വിത്ത് ഉത്സവം 2025 ഫെബ്രുവരി 22, 23, 24 തീയതികളിൽ ആലപ്പുഴ കഞ്ഞിക്കുഴി പി.പി.സ്വാതന്ത്ര്യം സ്മാരക കമ്മ്യൂണിറ്റി ഹാളിൽ വച്ച് സംഘടിപ്പിക്കുന്നു. 2025 ഫെബ്രുവരി 18 ചൊവ്വാഴ്ച്ച (വാർഡ് 17 ൽ ) കലാസാഗറിൽ ഓലമെടയൽ മൽസരം സംഘടിപ്പിക്കുന്നു. കൂടാതെ വൈകിട്ട് 5 മണിക്ക് വള്ളാട്ട് വായനശാല (വാർഡ് 5) യിൽ ചകിരിപിരി മത്സരവും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് 9072712901 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. സംസ്ഥാനതല പരമ്പരാഗത വിത്തുത്സവത്തോടനുബന്ധിച്ച് സാംസ്കാരിക ഘോഷയാത്ര, പരമ്പരാഗത വിത്തിനങ്ങളുടെ പ്രദർശന കൈമാറ്റ മേള, കർഷക സെമിനാറുകൾ, അനുഭവം പങ്കുവയ്ക്കൽ, കലാപരിപാടികൾ, പരമ്പരാഗത ഭക്ഷ്യമേള എന്നിവ ഉണ്ടായിരിക്കുന്നതാണ്.

2. വിതുര ജഴ്സി ഫാമിൽ പച്ച ചാണകം ഒരു ടണ്ണിന് 1500/- രൂപ നിരക്കിൽ വിൽപ്പനക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ ബന്ധപ്പെടേണ്ട ഫോൺ നമ്പര് 9495582387.

3. വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ ബാക്ടീരിയ വാട്ടത്തിന് എതിരെ പ്രതിരോധശേഷിയുള്ള ഹരിത വഴുതന തൈകൾ വിൽപനക്കെത്തിയിട്ടുണ്ട്. വില ഒന്നിന് 2/- രൂപ നിരക്കിൽ ലഭ്യമാണ്.വില്പന സമയം: 9:00 AM - 4:00 PM വരെ.

### പരിശീലന പരിപാടി

4. വാനൂരിൽ പ്രവർത്തിക്കുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ ഫെബ്രുവരി 20 മുതൽ 25 വരെ പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ ക്ഷീര കർഷകർക്കായി ക്ഷീരോൽപ്പന്ന നിർമ്മാണത്തിൽ പരിശീലന പരിപാടി നടക്കും. പ്രവേശന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഫീസ് 135 രൂപ. ആധാർ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് സഹിതം കർഷകർക്ക് പങ്കെടുക്കാം.പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഫെബ്രുവരി 18 ന് വൈകിട്ട് നാലിന് മുമ്പായി dd-dtc-pkd.dairy@kerala.gov.in. dtcalathur@gmail.com, 0492226040, 9074993554 ൽ രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

5. മണ്ണുത്തി സെന്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്ടറി സയൻസിൽ ഫെബ്രുവരി 27 ന് ഇറച്ചിക്കോഴി വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു.ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് 9495333400 എന്ന നമ്പറിൽ ബന്ധപ്പെടുക

6. കേരള വെറ്ററിനറി ആൻ്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തിയിലെ വർഗ്ഗീസ് കുര്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെയറി ആൻ്റ് ഫുഡ് ടെക്നോളജി കോളേജിൽ വെച്ച് രണ്ട് ദിവസത്തെ ചീസ് നിർമ്മാണ പരിശീലനപരിപാടി നടത്തുന്നു. 2025 ഫെബ്രുവരി 21, 22 തിയ്യതികളിൽ രാവിലെ 9 മുതൽ വൈകീട്ട് 4 വരെയാണ് പരിശീലനം.രജിസ്ട്രേഷൻ ഫീസ് 2250 രൂപ പരിശീലനത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റ് നൽകുന്നതാണ് കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ബന്ധപ്പെടേണ്ട നമ്പർ 9495796738, 6282164192.

7. സെൻട്രൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ (ഐസിഎആർ-സിഐഎഫ്ടി) ആഭിമുഖ്യത്തിൽ എറണാകുളം, തൃശ്ശൂർ, ആലപ്പുഴ, ഇടുക്കി, കോട്ടയം ജില്ലകളിൽ ഉൾപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കായി മത്സ്യസംസ്കരണ മേഖലയിൽ പുതിയ സംരംഭം തുടങ്ങുന്നതിനായി രണ്ടു ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. മാർച്ച് 11, 12 തീയതികളിൽ സിഐഎഫ്ടി ആസ്ഥാനമായ കൊച്ചിയിലാണ് പാരിശീലനം. തിരഞ്ഞെടുക്കുന്ന 25 പേർക്ക് പരിശീലനത്തിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കാം.പങ്കെടുക്കുന്നവരുടെ യാത്രാചിലവ്, ഭക്ഷണം, താമസം എന്നിവ ഐസിഎആർ-സിഐഎഫ്ടി വഹിക്കും. താൽപര്യമുള്ളവർ പേര്, വിലാസം, ഈ മേഖലയിൽ പ്രവർത്തിക്കാനുള്ള താൽപര്യം എന്നിവ ഉൾപ്പെടുത്തി അതത് ജില്ലകളിലെ പട്ടികവർഗ്ഗ ഓഫീസർ മുഖാന്തിരം ഫെബ്രുവരി 25 നകം അപേക്ഷ സമർപ്പിക്കണം. ഫോൺ: 0484 2412382.

## 8. കാർഷിക നിർദേശം

വെള്ളരിവർഗ്ഗപച്ച പച്ചക്കറികളിൽ ചൂർണ്ണപൂപ്പൽ - മഞ്ഞുകാലത്ത് പച്ചക്കറികളിൽ ചൂർണ്ണപൂപ്പൽരോഗംകാണാൻ സാധ്യതയുണ്ട് ഇതിനു മുൻകരുതലായി 20 ഗ്രാം ട്രൈക്കോഡെർമ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക.

തക്കാളി - വെള്ളീച്ച

വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ തക്കാളിയിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. ഇവയെനിയന്ത്രിക്കാനായി 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം ഇലയുടെ അടിഭാഗത്ത് പതിയതക്കവിധം പത്ത് ദിവസത്തെ ഇടവേളകളിലായി ഇത് ആവർത്തിച്ച്തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 4 ഗ്രാം തയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കിതളിക്കുക.

മൃഗസംരക്ഷണം -തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. ചാണക പരിശോധന നടത്തി വിദഗ്ധോപദേശ പ്രകാരം വിര മരുന്ന് നൽകുക. കുരലെടുപ്പൻ -കുളമ്പു രോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് എടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം